## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 659** **01.12.2015-ൽ മറുപടിയ്ക്ക്**

### ഹാംലറ്റ് വികസന പദ്ധതി

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ബെന്നി ബെഹനാൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി ഹാംലറ്റ് വികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാ[redacted] | ബി) | പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യ[redacted]നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) | 2013-14 സാമ്പത്തിക വർഷം മുതൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 സാമ്പത്തിക വർഷം മുതൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പദ്ധതി നടപ്പാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ 4 കോളനികളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്. ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ